## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **10.03.2020-ൽ മറുപടിക്ക്**

**നമ്പർ.1650**

## <u>പി.എസ്.സി. മുഖാന്തരമുള്ള നിയമന നടപടി</u>

**ചോദ്യം**

**ശ്രീ.ഷാഫി പറമ്പിൽ**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾക്ക് പി.എസ്.സി. അഡ്വൈസ് അയയ്ക്കുന്നതിൽ കാലതാമസം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം വേഗത്തിലാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി. മുഖേനയുള്ള നിയമന ശിപാർശയ്ക്കായി വിവിധ വകുപ്പുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ റാങ്ക് പട്ടിക നിലവിലുള്ള സാഹചര്യത്തിൽ സാങ്കേതികമോ കോടതി നടപടികൾ മൂലമുള്ളതോ ആയ തടസ്സങ്ങൾ ഇല്ലാത്തപക്ഷം നടപടി ക്രമങ്ങൾ പാലിക്കുന്നതിനുള്ള സ്വാഭാവിക സമയ ക്രമം പാലിച്ച് കഴിയുന്നത്ര വേഗത്തിൽ പി.എസ്.സി.നിയമന ശിപാർശ നൽകി വരുന്നു. |
| (ബി) | വിവിധ വകുപ്പുകളിലെ തസ്തികകൾ പുനർ വിന്യാസം നടത്തുന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിൽ ഏതെല്ലാം തസ്തികകളിലേക്കുള്ള പുനർവിന്യാസമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇത് പി.എസ്.സി.യിൽ നിന്നുള്ള നിയമനങ്ങളെ എത്രത്തോളം ബാധിക്കുന്നു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഇല്ല. |
| (സി) | ആശ്രിത നിയമനത്തിനായി ഒഴിവുകളുടെ അഞ്ച് ശതമാനം നീക്കി വയ്ക്കണമെന്ന വ്യവസ്ഥ മിക്ക വകുപ്പുകളും ലംഘിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം വകുപ്പുകൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | ഒഴിവുകൾ നീക്കിവയ്ക്കണമെന്ന് വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | സംസ്ഥാനത്ത് പി.എസ്.സി വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും/ നിയമനാധികാരി-കൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**